6. അമേരിക്ക

"അമേരിക്ക പടക്കമാണ്, അമേരിക്കക്കാരെല്ലാം വലിയ പടക്കമടിക്കാരും" ആളുകൾ അങ്ങനെയാണു പറയാറ്. പറയുന്നതെന്തെന്ന് സത്യത്തിൽ അവർക്കു തന്നെ അറിവുണ്ടാകില്ല. വാസ്തവത്തിൽ പടക്കമടിയുടെ കാര്യത്തിൽ നമ്മുടെ നാട്ടുകാരുടെ ചെരുപ്പു തുടയ്ക്കാനുള്ള യോഗ്യതപോലും അമേരിക്കയ്ക്കില്ല. എല്ലാ അമേരിക്കൻ പൊങ്ങച്ചക്കാരെയും പോക്കറ്റിലാക്കാൻ കഴിയുന്നവനാണു ഞങ്ങളുടെ ബെറൽ ഐസക്ക്.

ഐസക്ക് ആരാണെന്നു ഞാൻ പറയുമ്പോൾ നിങ്ങൾക്കു മനസ്സിലാകും. മിനിറ്റിൽ ഒരു മൈൽ സ്പീഡിൽ വായിട്ടലയ്ക്കുന്നവരോടും അമേരിക്കയിൽ പറയുന്നതുപോലെ മുഖം നീല നിറമാകുന്നതു വരെ നിറുത്താതെ സംസാരിക്കുന്നവരോടും നാട്ടുകാർ പറയാറുള്ള ഒരു നേരമ്പോക്കുണ്ട്. "അഭിനന്ദനങ്ങൾ, ഐസക്ക് ചേട്ടന്റെ വക." അവന് കാര്യം പിടി കിട്ടും. വായ മൂടും.

എവിടെ നിന്നോ വന്ന പ്രാകൃതനായ ഒരുവൻ ഐസക്കിനെപ്പറ്റി പറഞ്ഞ ഒരു കഥ നാട്ടുകാർക്കിടയിൽ പ്രചാരമുണ്ട്. ഈസ്റ്റർ ദിനത്തിൽ ക്രിസ്ത്യാനികൾ പരസ്പരം, ആശംസകൾ നേരും.

"ക്രിസ്തു ഉയിർത്തെണീറ്റു."

കേൾക്കുന്നയാൾ പ്രതിവചിക്കും:

"സത്യമായും അവൻ ഉയിർത്തെണീറ്റിരിക്കുന്നു"

ഒരു ഈസ്റ്റർ ദിനത്തിൽ ഒരു ക്രിസ്ത്യാനി അപരിഷ്കൃതനായ ഈ ജൂതനെ കണ്ടുമുട്ടി.

"ക്രിസ്തു ഉയിർത്തെണീറ്റു" – ക്രിസ്ത്യാനി പറഞ്ഞു.

ജൂതന്റെ വയർ ആളിക്കത്തി. എന്തു ചെയ്യും? ഉയിർത്തെണീറ്റു എന്നു പ്രതിവചിക്കുന്നത് തന്റെ വിശ്വാസപ്രമാണങ്ങൾക്കെതിരാണ്. ഇല്ല എന്നു പറയുന്നത് ജീവിച്ചിരിക്കേണ്ടവനു പറ്റിയ പണിയല്ല. അവർ ഇടിച്ചു ചമ്മന്തിയാക്കും. അയാൾ വളരെ നേരം ആലോചിച്ചു. ഒടുവിൽ ക്രിസ്ത്യാനിയോടു പറഞ്ഞു. "ഐസക്കുചേട്ടൻ ഇന്നു ഞങ്ങളോടതു പറഞ്ഞിരുന്നു." ഇതേ ഐസക്കാണ് അമേരിക്കയിൽ കുറേ നാൾ ജീവിച്ച ശേഷം നാട്ടിൽ തിരിച്ചെത്തിയത്. ഓർത്തുനോക്കൂ, ആ രാജ്യത്തെപ്പറ്റി അദ്ദേഹം പറയാനിടയുള്ള മനോഹരങ്ങളായ കഥകൾ.

"തേനും പാലും ഒഴുകുന്ന നാട്. മനുഷ്യർ നാലുപാടും പണം സമ്പാദിക്കുന്നു. പിച്ചക്കാർ രണ്ടും കൈയും നീട്ടി തെണ്ടുന്നു. സകലരും അടിച്ചു വാരുകയാണ്. ബിസിനസ്സിന്റെ തിരക്കു കണ്ടാൽ തല ചുറ്റും. ഇഷ്ടമുള്ളതു ചെയ്യാം. ഫാക്ടറി വേണ്ടവനു ഫാക്ടറി. കട തുങ്ങേണ്ടവന് കട. ഉന്തുവണ്ടിയുമായി നടക്കണോ? അതും നടക്കും. ഇനി തലച്ചുമടുമായി നടക്കാനാണിഷ്ടമെങ്കിൽ അങ്ങനെയും ആകാം. ആർക്കും എന്തുവവേണമെങ്കിലും ആകാം. വിശന്നുവീർത്ത വയറുമായി തെരുവിൽ കിടന്നു ചത്താൽ പോലും ആരെങ്കിലും ബുദ്ധമുട്ടിക്കുമെന്നോ ഒരക്ഷരം പറയുമെന്നോ പേടിക്കേണ്ടതില്ല."

"വഴിയുടെ വീതി, കെട്ടിടങ്ങളുടെ വലിപ്പം, ഉയരം ഇതൊക്കെ കാണേണ്ടതു തന്നെ. വൂൾവർത്ത് എന്ന പേരിൽ ഒരു കെട്ടിടമുണ്ട്. മുകളറ്റം മേഘങ്ങളെ ഉരസി നിൽക്കും. അവർ പറയുന്നതു നൂറുകണക്കിന് നിലകളുണ്ടെന്നാണ്. മുകളിൽ കയറുന്നതെങ്ങനെയെന്നോ? എലിവേറ്റർ എന്നു പേരുള്ള ഒരു ഏണിയുണ്ട്. മുകളിൽ പോകണമെങ്കിൽ അതിരാവിലെ അതിൽ കയറിയാൽ സൂര്യാസ്തമയത്തോടെ അവിടെയെത്താം."

"മുകളിൽ എങ്ങനെ ഇരിക്കുമെന്നറിയാൻ ഒരിക്കൽ തമാശിന് ഞാനും പോയി. നിരാശകനാകേണ്ടി വന്നില്ല. അന്നു കണ്ടത് ഇനിയൊരിക്കലും കാണില്ല. ആ അനുഭവം വിവരിക്കാൻ പോലും കഴിയില്ല. മുകളിൽ നിന്നു താഴേക്കു നോക്കി. പെട്ടെന്നു വളരെ തണുത്തതെന്തോ ഇടതുകവിളിൽ ഉരസിയതുപോലെ. ഐസുകട്ടയോ ജെല്ലിയോ ഒന്നുമല്ല. ഒരു വഴുവഴുപ്പ്. മെല്ലെ തല തിരിച്ചു നോക്കി. എന്താണു കാണുന്നത്? ചന്ദ്രൻ!"

"അവരുടെ ജീവിതരീതിയോ? തിരക്കിട്ടതും പരിഭ്രാന്തിജനകവുമാണ്. ഏതു നേരവും കോലാഹലം തന്നെ. 'പെട്ടെന്നാവട്ടെ..... പെട്ടെന്നാവട്ടെ.....' എന്നാണവർ പറയാറ്. എല്ലാം ധൃതിയിലാണു ചെയ്യുന്നത്, ഭക്ഷണം പോലും. ഭക്ഷണശാലയിലേക്കു ഇരച്ചുകയറും. ഒരിക്കൽ ഞാൻ കണ്ടതാണ്. ഒരുത്തന്റെ പ്ലേറ്റിൽ ജീവനുള്ള എന്തോ കിടന്നു പിടയ്ക്കുന്നു. അയാൾ കത്തി ഉയർത്തിയ മാത്രയിൽ പകുതി ഒരിടത്തേക്കും മറ്റേ പകുതി വേറൊരിടത്തേക്കും പറന്നു. അതോടെ അയാൾ ഭക്ഷണവും മതിയാക്കി."

"എങ്കിലും അവരുടെ ആരോഗ്യം കാണേണ്ടതാണ്. ഉരുക്കുമനുഷ്യർ. തെരുവിൽ ബലപരീക്ഷണം നടത്തുന്നത് അവരുടെ ഒരു തരം വിനോദമാണ്. പല്ലടിച്ചു കൊഴിക്കുകയോ കൊല്ലുകയോ ഒന്നുമില്ല.

വെറും തമാശ. ഷർട്ടിന്റെ കൈ തെറുത്തു കയറ്റി ഇടിതുടങ്ങും. 'ബോക്സിങ്' എന്നാണ് അതിനു പറയുന്നത്. ഒരിക്കൽ സഞ്ചിയിൽ കുറെ സാധനങ്ങളും വാങ്ങി ഞാൻ വീട്ടിലേക്കു വരികയായിരുന്നു. രണ്ടു കുട്ടികൾ വഴിയിൽ എന്നെ തടഞ്ഞു നിറുത്തി. ബോക്സിങ് നടത്താൻ താൽപര്യം. "വേണ്ട സാർ, എനിക്കതിൽ താൽപര്യമില്ല." ഞാൻ പറഞ്ഞുനോക്കി. അവരുണ്ടോ വിടുന്നു? വാക്കേറ്റമായി. ഞാനും വിട്ടില്ല. എന്നാൽ ഇവമ്മാരെ ഒന്നു കാണിച്ചുകൊടുത്തിട്ടുതന്നെ കാര്യമെന്നു ഞാനും തീരുമാനിച്ചു. ഞാൻ സഞ്ചി താഴെ വച്ചു. കോട്ട് ഊരി താഴെയിട്ടതോർമ്മയുണ്ട്. അവർ ഇടിച്ചെന്റെ കണ്ണിലെ വെളിച്ചം കെടുത്തി. ഞാൻ ജീവനും കൊണ്ടോടി. അതിനുശേഷം ലോകത്തുള്ളതെല്ലാം തരാമെന്നു പറഞ്ഞു പ്രലോഭിപ്പിച്ചാലും ബോക്സിങ്ങിനില്ലെന്നു ഞാൻ തീർച്ചപ്പെടുത്തി."

"ജൂതരായ നമുക്ക് അവിടെ കിട്ടുന്ന ആദരവ് എടുത്തു പറയേണ്ടതാണ്. ജൂതരെപ്പോലെ ആരും തന്നെ ആ നാട്ടിൽ ആദരിക്കപ്പെടുന്നില്ല. ജൂതൻ എന്നു പറഞ്ഞാൽ അവിടെ വിലയ എന്തോ ആണ്. മേന്മയുടെ അടയാളം പോലെ. പെരുന്നാൾ ദിവസങ്ങളിൽ നാരകക്കൊമ്പുകളും കുരുത്തോലയും ഒക്കെയായി ഫിഫ്ത്ത് അവെന്യൂവിൽ പോലും ജൂതരെ കാണാം. അറസ്റ്റു ചെയ്യപ്പെടുമെന്ന പേടിയും വേണ്ട. ജൂതരെ സ്നേഹിക്കുന്നു എന്നു പറയാമെങ്കിലും താടിയും കൃതാവുമൊക്കെ അവർക്ക് വെറുപ്പാണ്. താടിയിൽ പിടിച്ചു വലിക്കും. മുറിച്ചു കളയുവോളം. അമേരിക്കയിലെ ജൂതരിൽ ഭൂരിഭാഗത്തിനും താടിയും കൃതാവും ഇല്ലാത്തത് അതുകൊണ്ടാണ്. മുഖം വടിച്ചു കണ്ണാടി പോലെ മിനുസമാക്കും. ജൂതരെയും പുറംജാതിക്കാരെയും തിരിച്ചറിയുക വിഷമമാണ്. തായിടും ഭാഷയും കൊണ്ടു തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിലും ധൃതിപിടിച്ചുള്ള നടത്തവും കൈകൊണ്ടുള്ള സംസാരവും തിരിച്ചറിയാൻ സഹായിക്കും. എല്ലാ അർത്ഥത്തിലും ജൂതരായാണ് അവർ ജീവിക്കുന്നത്. സർവ്വ അവധിദിവസങ്ങളും ആചരിക്കും. ജൂതരുടെ പ്രത്യേകതരം ഭക്ഷണവും അവർക്കു പ്രിയമാണ്. വിശേഷദിവസങ്ങളിൽ മാത്രം ഉണ്ടാക്കാറുള്ള റൊട്ടി അവിടെ ദിവസവും ഉണ്ടാക്കും. അതുണ്ടാക്കുന്ന ഫ്ക്ടറികൾ പോലുമുണ്ട്. വിശുദ്ധ ദിനങ്ങളിൽ കഴിക്കുന്ന കയ്പുനീരുണ്ടാക്കാൻ പ്രത്യേകം ഫാക്ടറികളുണ്ട്. ആയിരക്കണക്കിനാളുകളാണ് ഫാക്ടറികളിൽ കയ്പുനീരുണ്ടാക്കുന്നത്. അവരുടെ ജീവിതം അതുകൊണ്ടു നടന്നു പോകുന്നു. വെറുതെ പരിഹസിച്ചു തള്ളാവുന്ന ഒരു രാജ്യമല്ല. അമേരിക്ക."

"ഐസക്ക് ചേട്ടൻ പറഞ്ഞതെല്ലാം സമ്മതിച്ചു. പക്ഷേ ഒരു സംശയം. നമ്മുടെ നാട്ടിലെപ്പോലെ അമേരിക്കയിലും ആളുകൾ മരിക്കുമോ? അതോ.....?"

"മണ്ടത്തരം പറയാതെ. തീർച്ചയായും മരിക്കും. മരണം കൂട്ടത്തോടെയാണ്. ദീവസവും ആയിരക്കണക്കിനാണു മരിക്കുന്നത്. പത്തും ഇരുപതും ആയിരങ്ങൾ. കൂട്ടത്തോടെ തെരുവിൽ മരിച്ചുവീഴുകയാണ്. വീണ് മണ്ണിലേക്ക് ആണ്ടുപോകുകയാണ്. ചില്ലറക്കാര്യമല്ല, അമേരിക്ക."

"അവരും നമ്മെപ്പോലെ മരിക്കുമെങ്കിൽ അമേരിക്കയെപ്പറ്റി ഇത്ര പൊണ്ണക്കാര്യം പറയാനെന്തിരിക്കുന്നു?"

"മരണം അവർക്കുമുണ്ട്. അതല്ല കാര്യം. മരണം എല്ലായിടത്തും ഒരുപോലെയാണ്. ശവസംസ്കാരമാണ് പ്രധാനം. ഒന്നാമതായി അമേരിക്കക്കാരെ സംബന്ധിച്ച് എവിടെയാണു സംസ്കരിക്കാൻ പോകുന്നത് എന്നു മുൻകൂട്ടി അറിഞ്ഞിരിക്കുന്നത് പതിവാണ്. ഗൃഹനാഥൻ ജീവിച്ചിരിക്കുമ്പോൾ തന്നെ സെമിത്തേരിയിൽ പോയി സ്ഥലം തിരഞ്ഞെടുക്കും. അന്തസ്സിനും പോക്കറ്റിനും പറ്റിയതൊന്നു കാണുന്നതുവരെ വില പേശും. ഒടുവിൽ ഭാര്യയെയും കൂട്ടി സെമിത്തേരിയിലെത്തി ചൂണ്ടിക്കാണിച്ചുപറയും: 'നോക്കൂ പ്രിയേ, അവിടെയാണു നീ അന്ത്യവിശ്രമം കൊള്ളാൻ പോകുന്നത്. അവിടെയാണ് ഞാൻ. നമ്മുടെ കുട്ടികൾ, ദാ.... അവിടെ' പിന്നെ ഓഫീസിലെത്തി സംസ്കാര ശുശ്രൂഷകൾക്കുള്ള ഓർഡർ കൊടുക്കുകയായി.

മൂന്നു ക്ലാസുകളിലുള്ള സംസ്കാര ശുശ്രൂഷകളുണ്ട്. ഒന്നാം ക്ലാസ്സ്, രണ്ടാം ക്ലാസ്സ്, മൂന്നാം ക്ലാസ്സ്. ഒന്നാം ക്ലാസ്സ് വലിയ പണക്കാർക്കുള്ളതാണ്. പ്രഭുക്കൾക്ക്. ആയിരം ഡോളറാണ് ചെലവ്. എന്റെ അഭിപ്രായത്തിൽ അതാണു ശുശ്രൂഷ. തെളിഞ്ഞ ആകാശം. ഒന്നാന്തരം കാലാവസ്ഥ. പൊൻപ്രഭ ചൊരിയുന്ന സൂര്യൻ. വെള്ളിപ്പിടിയുള്ള കറുത്ത മഞ്ചലിൽ അലങ്കരിച്ച ശവപേടകം. ശ്വേതപുഷ്പം കണക്കെ തോരണങ്ങൾ തുന്നിച്ചേർത്ത കറുത്ത കുപ്പായമണിഞ്ഞ കുതിരകൾ. വെളുത്ത ബട്ടണുള്ള കറുത്ത സൂട്ടു ധരിച്ച പ്രധാന കാർമ്മികനും മറ്റു പുരോഹിതന്മാരും. ശവമഞ്ചത്തിനു പിന്നാലെ അനന്തമായ ദൂരത്തോളം കുതിരവണ്ടികൾ. എല്ലാ ജൂതപ്പള്ളിക്കൂടത്തിൽനിന്നുള്ള കുട്ടികൾ ഒന്നിച്ചണിനിരന്നു മൃദുവായ ശബ്ദത്തിൽ ശോകമധുരമായി പാടുകയായി. 'നീതിമാനായവൻ അവനു വഴിയൊരുക്കിയിരിക്കുന്നു....' ഗാനാലാപനത്തിനൊത്തു പള്ളിയിൽ മണിമുഴങ്ങുന്നു. നിസ്സാര സംഗതിയല്ല, ആയിരം ഡോളർ."

“രണ്ടാം ക്ലാസ്സ് ശുശ്രൂഷയും നല്ലതു തന്നെ. അഞ്ഞൂറ് ഡോളറേ ചെലവുള്ളൂ. ഒന്നാം ക്ലാസ്സുമായി താരതമ്യം ചെയ്യാനാവില്ല. കാലാവസ്ഥ അത്ര നന്നല്ല. ശവമഞ്ചത്തിന്ന് വെള്ളിപ്പിടിയില്ല. കുതിരയും പുരോഹിതനും കറുപ്പാണ് അണിഞ്ഞിരിക്കുന്നതെങ്കിലും വെള്ളത്തോരണമോ ബട്ടണോ ഇല്ല. കുതിരവണ്ടികൾ ഉണ്ടെങ്കിലും ഫസ്റ്റ് ക്ലാസ്സിന്റത്രയില്ല. കുട്ടികൾ ഒരു സ്കൂളിൽ നിന്നു മാത്രം. അത്ര ശ്രുതിമധുരമല്ലാതെ പാട്ടു തുടങ്ങുന്നു: ‘നീതിമാനായവൻ അവനു വഴിയൊരുക്കിയിരിക്കുന്നു....’ ശോകരസം അഞ്ഞൂറിനുള്ളത്.”

“മൂന്നാം ക്ലാസ്സ് ശുശ്രൂഷ വൃത്തിഹീനമായ ഒന്നാണ്. നൂറു ഡോളർ. മൂടിക്കെട്ടിയ അന്തരീക്ഷം. മൂടൽ മഞ്ഞ്. തണുപ്പ്. പെട്ടിവെക്കാൻ മഞ്ചലില്ല. കുതിരയും പട്ടക്കാരുമൊന്നുമില്ല. ഏതാനും ചില കുട്ടികൾ പേരിനു മാത്രം എന്തോ പാടി ഒപ്പിക്കുന്നു. ഒന്നും തെളിഞ്ഞു കേൾക്കാനാകുന്നില്ല. പാതിമയക്കത്തിൽ പാടുന്നതുപോലെ. നൂറല്ലേ ചെലവുള്ളൂ. നൂറിന് ഇതിലേറെ എന്തു പ്രതീക്ഷിക്കാൻ?”

“അപ്പോഴേ ഐസക്കു ചേട്ടാ, നൂറുപോലും ഇല്ലാത്തവന്റെ ഗതിയോ?”

“കണ്ണീർക്കയത്തിൽ. പണമില്ലെങ്കിൽ ലോകത്തെവിടെയും ഒരുപോലെയാണ്. ദരിദ്രൻ ജീവിക്കുന്നതു തന്നെ പകുതി മരിച്ചു കുഴിയിലായ ശവം പോലെയാണ്. തെറ്റിദ്ധരിക്കരുത്. ദരിദ്രന്റെ ശവം സംസ്കരിക്കപ്പെടാതിരിക്കുന്നില്ല. സൗജന്യമെങ്കിലും ദയനീയമായ ഒരു കുഴിച്ചിടൽ. യാതൊരു ചടങ്ങുകളുമില്ല. പുരോഹിതന്റെയോ കുതിരയുടെയോ തരിപോലും പരിസരത്തെങ്ങുമില്ല. ചന്നം പിന്നം മഴ. കപ്യാരും ഒരു സഹായിയും മാത്രം. അവർക്കു നടുവിൽ ജഡം തനിച്ച്. മൂന്നു പേരും ഒന്നിച്ചു കാലു വലിച്ചു കുഴിയിലിട്ടു മൂടുന്നു. പണമില്ലെങ്കിൽ നരകം തന്നെയാണ്. അറപ്പുളവാക്കുന്ന ലോകനീതി...”

“അതിരിക്കട്ടെ. ഒരു സിഗരറ്റെടുക്കാനുണ്ടോ, ആരുടെയെങ്കിലും കയ്യിൽ?”